## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3726

25.06.2013 ൽ മറുപടിയ്ക്ക്

## നെന്മാറയിൽ സഹകരണ നഴ്സിംഗ് കോളേജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ 7 നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. കോളേജുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) നഴ്സിംഗ് കോളേജ് സഹകരണ മേഖലയിൽ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത്; | (ബി) സർക്കാരും നഴ്സിംഗ് കൗൺസിലും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായ നടപടി ക്രമങ്ങളാണ് പാലിക്കേണ്ടത്. |
| (സി) നെന്മാറ നിയോജക മണ്ഡലത്തിൽ സഹകരണ മേഖലയിൽ ഒരു നഴ്സിംഗ് കോളേജ് അനുവദിക്കുന്നത് പരിഗണിക്കുമോ; ആയതിനായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തേണ്ടത്; വിശദമാക്കുമോ? | (സി) നെന്മാറ നിയോജക മണ്ഡലത്തിൽ സഹകരണ മേഖലയിൽ ഒരു നഴ്സിംഗ് കോളേജ് അനുവദിക്കുന്നതിനായി, സർക്കാരും നഴ്സിംഗ് കൗൺസിലും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

## <u>സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് കോളേജുകളുടെ ജില്ല തിരിച്ചുള്ള വിവരം</u>

1. കൊല്ലം ജില്ലാ സഹകരണ ആശുപത്രി ക്യൂ - 952 ന് കീഴിൽ ഒരു നഴ്സിംഗ് കോളേജ്
2. വടകര സഹകരണ ആശുപത്രി ക്ലിപ്തം നം. ഡി-2411 ന് കീഴിൽ ഒരു നഴ്സിംഗ് കോളേജ്
3. മലപ്പുറം ഇ.എം.എസ്. മെമ്മോറിയൽ സഹകരണ ഹോസ്പിറ്റൽ & റിസർച്ച് സെന്ററിൽ ഒരു നഴ്സിംഗ് കോളേജ്.
4. കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ കീഴിൽ എ.കെ.ജി സ്മാരക നഴ്സിംഗ് കോളേജ്
5. കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസിന് കീഴിൽ ഒരു നഴ്സിംഗ് കോളേജ്.
6. തളിപ്പറമ്പ് സഹകരണ ആശുപത്രി സംഘത്തിന് കീഴിൽ ഒരു നഴ്സിംഗ് കോളേജ്
7. കേപ്പിന് കീഴിൽ കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ ഒരു നഴ്സിംഗ് കോളേജ്